15/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം_695 001**

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.508(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11330/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**

**തീയതി: 2021 നവംബർ 15**

| | |
|---|---|
| ശ്രീ. ആന്റണി സണ്ണി എം.ജെ.,<br>സെക്രട്ടറി,<br>നീതി സംരക്ഷണ സമിതി,<br>സൗദി, കൊച്ചി - 682 507. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (എൽ.ആർ. സെക്ഷൻ),<br>കളക്ടറേറ്റ്,<br>എറണാകുളം. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/07/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/08/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 16/09/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 18/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/11/2021 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി ഓഡിയോ |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. ആന്റണി സണ്ണി എം.ജെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 20.07.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെയായിട്ടും യാതൊരുവിധ മറുപടിയോ അറിയിപ്പോ നൽകിയിട്ടില്ലെന്നും ആയതിനാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. 16.1.2021 തീയതിയായി ബഹു. കൊച്ചി നഗരസഭാ സെക്രട്ടറി മുമ്പാകെ സമിതി സമർപ്പിച്ച പരാതിയുടെ പകർപ്പ് ആമുഖക്കത്തു സഹിതം എറണാകുളം ജില്ലാ കളക്ടർക്കു നൽകിയതിന്മേൽ കൈക്കൊണ്ട നടപടി ഫയലിലെ രേഖകളുടെ മുഴുവൻ ശരിപ്പകർപ്പുകൾ
    a. നടപടികളൊന്നും കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകളുടെ മുഴുവൻ ശരിപ്പകർപ്പുകൾ
2. കൊച്ചി നഗരസഭയുടെ അധീനതയിലുള്ള കൂവപ്പാടം മുണ്ടംവേലി (എ.കെ.സേവ്യർ റോഡ്) റോഡിന്റെ, പരിപ്പു ജംഗ്ഷൻ മുതൽ മുണ്ടംവേലി പള്ളി വരെ വീതി എത്രയെന്നും
    a. റോഡിന്റെ വീതിയുടെ അതിരു നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും
    b. അതിരു നിർണ്ണയം നടത്താതെ ഏതു മാനദണ്ഡത്തിലാണ് റോഡിനോടു ചേർന്നു നിർമ്മാണത്തിനുള്ള അനുമതി നൽകുന്നതെന്നും ആയതു വ്യക്തമാക്കുന്ന രേഖയുടെ ശരിപ്പകർപ്പ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 18.8.2021-ന് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. പ്രസ്തുത മറുപടിയിൽ അപേക്ഷയിലെ 1-ാം ഇനത്തിന് മറുപടി നൽകുകയും 2, 3, 4 എന്നീ ഇനങ്ങൾക്കുള്ള മറുപടി കൊച്ചി നഗരസഭ, ജി.സി.ഡി.എ. എന്നിവയുമായി ബന്ധപ്പെട്ടതാകയാൽ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം മേൽപ്പടി ഓഫീസുകളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതുമായും കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ആന്റണി സണ്ണി എം.ജെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല എന്നു കാണിച്ചാണ് കമ്മീഷനിൽ പരാതി സമർപ്പിച്ചിരിക്കുന്നതെന്നും എന്നാൽ ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേലുള്ള ഫയൽ (എൽ3-1596/2021) പരിശാധിച്ചതിൽ നിന്നും ടിയാൻ 16.1.2021-ൽ കൊച്ചി നഗരസഭാ സെക്രട്ടറിയ്ക്കു നൽകിയ പരാതിയുടെ പകർപ്പ് ജില്ലാ കളക്ടർക്കു സമർപ്പിച്ചതിൽ സ്വീകരിച്ച നടപടിവിവരമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നു കാണുന്നുവെന്നും

പ്രസ്തുത തീയതി മാത്രം രേഖപ്പെടുത്തിയിരുന്നത് വച്ച് ഫയൽ കണ്ടുപിടിക്കാൻ സാധിക്കാതിരുന്നതിനാൽ കക്ഷിയെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും ടിയാന്റെ അപേക്ഷയിൽ ഫോൺ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നും തുടർന്ന് വിശദമായ പരിശോധനയിൽ ഫയൽ കണ്ടെത്തി 18.8.2021-ൽ മറുപടി നൽകിയിട്ടുള്ളതും വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം മറുപടി നൽകുന്നതിനായി കൊച്ചി കോർപ്പറേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും ജി.സി.ഡി.എ. പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ സെക്രട്ടറിയ്ക്കും അപേക്ഷയുടെ പകർപ്പ് അയച്ചു കൊടുത്തിട്ടുള്ളതുമാണെന്നും ആയതുപ്രകാരം കൊച്ചി കോർപ്പറേഷനിൽ അന്വേഷണം നടത്തിയതിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുള്ളതായി അറിയുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 18.8.2021-ന് മറുപടി നൽകിയിരുന്നുവെങ്കിലും ടി അപേക്ഷ വ്യക്തമല്ലാതിരുന്നതിനാലാണ് പൂർണ്ണ മറുപടി തയ്യാറാക്കി നൽകാൻ കഴിയാതിരുന്നത് എന്ന് കാണുന്നു. എന്നാൽ അപേക്ഷയിൽ വ്യക്തത വരുത്തുന്നതിനായി ഹർജിക്കാരനെ നേരിട്ട് ബന്ധപ്പെടുന്നതിന് വില്ലേജ് ഓഫീസർ വഴിയും മറ്റും അന്വേഷിച്ചിട്ടുപോലും ഹർജിക്കാരന്റെ ഫോൺ നമ്പർ ലഭിച്ചിട്ടില്ലെന്നാണ് ഹിയറിംഗ് വേളയിൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ 9061794469/9446865190 എന്നീ മൊബൈൽ നമ്പറുകളിൽ ഹർജിക്കാരനെ നേരിട്ട് ബന്ധപ്പെട്ട് ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട, എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം സൗജന്യമായി നൽകണമെന്നും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും കമ്മീഷൻ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 15-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി
US